# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 630 28.09.2016 - ൽ മറുപടിയ്ക്ക്**

## അന്തർസംസ്ഥാന നദീജല കരാറുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. സി. ജോർജ്ജ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ)അന്തർസംസ്ഥാന നജീജല കരാറുകൾ നടപ്പാക്കാനായി അയൽ സംസ്ഥാനങ്ങളുമായി ചർച്ച നടത്തുമെന്ന് 16.08.2016-ൽ പ്രസ്താവിച്ച പ്രകാരം എന്തൊക്കെ നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ; | (എ) അന്തർസംസ്ഥാന നജീജല കരാറുകളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കേരളത്തിന്റെ താല്പര്യങ്ങൾ പൂർണ്ണമായി സംരക്ഷിക്കുന്നതിൽ ഊന്നൽ നൽകിക്കൊണ്ട് അയൽ സംസ്ഥാനങ്ങളുമായി തുടർ ചർച്ചകൾ നടത്തി പ്രശ്ന പരിഹാരത്തിനുള്ള സാദ്ധ്യതകളാണ് സംസ്ഥാനം ആരായുന്നത്. ഈ നിലപാടിന്റെ അടിസ്ഥാനത്തിൽ പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.) കരാറിന്റെ പുനരവലോകനവുമായി ബന്ധപ്പെട്ട ചർച്ചകൾ പുനരാരംഭിക്കുന്നതിന്റെ ഭാഗമായി പി.എ.പി. യിലെ തമിഴ് നാടിന്റെ ഉന്നത ഉദ്യോഗസ്ഥരുമായി അനൗപചാരിക ചർച്ച നടത്തുകയുണ്ടായി. തുടർ ചർച്ചകൾക്ക് തമിഴ് നാട് സർക്കാർ അനുകൂലമായി പ്രതികരിക്കുമെന്നാണ് അറിയിച്ചത്. കരാർ പ്രകാരമുള്ള ജലം വിട്ടുനല്കാൻ അടിയന്തര നടപടി സ്വീകരിയ്ക്കണമെന്ന് തമിഴ് നാട് മുഖ്യമന്ത്രിയോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്. |
| ബി) ഏതൊക്കെ അയൽ സംസ്ഥാനങ്ങളുമായിട്ടാണ് നദീജലകരാറുകൾ നിലവിലുള്ളത് ; വിശദമാക്കുമോ ? | (ബി) നദീജലം പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ട് കേരളം തമിഴ് നാടുമായി മൂന്ന് കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. 29.05.1970-ൽ കേരളവും തമിഴ് നാടും 09.11.1958 മുതൽ മുൻകാല പ്രാബല്യത്തോടെ ഒപ്പുവെച്ച പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.) കരാർ, 19.08.1973-ൽ ഒപ്പുവെച്ച ശിരുവാണി കുടിവെള്ള പദ്ധതി കരാർ, 1886 ഒക്ടോബർ 29-ന് തിരുവിതാംകൂർ മഹാരാജാവും, സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇന്ത്യ ഇൻ കൗൺസിലും ഒപ്പുവെച്ച പെരിയാർ പാട്ട കർാർ, 1970-ലെ മുല്ലപ്പെരിയാർ അനുബന്ധകരാറുകൾ എന്നിവയാണ് അവ. പെരിയാർ പാട്ടക്കരാറിന് 999 വർഷത്തെ കാലാവധിയുണ്ട്. (പെരിയാർ |

പാട്ടക്കരാറിന് നിയമ സാധുത ഇല്ലെന്നാണ് കേരളത്തിന്റെ വാദമെങ്കിലും 07.05.2014-ലെ സുപ്രീം കോടതി വിധിയിൽ കേരളത്തിന്റെ വാദം അംഗീകരിച്ചിട്ടില്ല.) ശിരുവാണി കുടിവെള്ള പദ്ധതി കരാറിന് 99 വർഷത്തെ കാലാവധി യാണുള്ളത്. പറമ്പിക്കുളം ആളിയാർ പദ്ധതി ക്കരാറിന് കാലാവധി നിശ്ചയിച്ചിട്ടില്ല. എന്നാൽ 30 വർഷത്തിലൊരിക്കൽ കരാർ പുനരവ ലോകനം ചെയ്യാൻ വ്യവസ്ഥയുണ്ട്.

സെക്ഷൻ ഓഫീസർ